വ്യവസായ പ്രമുഖകരുടെ സംഗമം

6 (569) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം ഐ.റ്റി.ഡി.സി. ഹോട്ടലിൽ വച്ച് 2001 ജനുവരി 3-ാം തീയതി വിദേശത്തേയും ഇൻഡ്യയിലേയും വൻകിട വ്യവസായ സ്ഥാപനങ്ങളുടെ തലവന്മാർ പങ്കെടുക്കുന്ന വ്യവസായ പ്രമുഖൻമാരുടെ സംഗമം ഉച്ചകോടിയായി നടക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) അതിൽ ആരെല്ലാം പങ്കെടുത്തിരുന്നു.

(സി) ഈ സംഗമത്തിനുവേണ്ടി എന്തു ചെലവുണ്ടായി എന്ന് അറിയിക്കുമോ ;

(ഡി) ഈ സംഗമത്തിന്റെ ഫലമായി സംസ്ഥാനത്തു എത്ര പുതിയ വ്യവസായങ്ങൾ ആരംഭിച്ചു

(ഇ) എത്ര പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുവാനുള്ള ധാരണാ പത്രങ്ങളിൽ ഒപ്പു വച്ചു.

(എഫ്) ഈ സംഗമത്തിന്റെ ഫലമായി പുതിയ വ്യവസായങ്ങൾ ആരെല്ലാം എവിടെയെല്ലാമാണ് സ്ഥാപിച്ചത് എന്നു വ്യക്തമാക്കുമോ ;

(ജി) ഈ സംഗമത്തിന്റെ ഫലമായി ആരെല്ലമാണ് ധാരണാപത്രത്തിൽ ഒപ്പു വച്ചത്?

ഉത്തരം

(എ) 2001 ജനുവരി മൂന്നാം തീയതി കോവളം ഐ.റ്റി.ഡി.സി. ഹോട്ടലിൽ വച്ച് നടന്ന സംഗമത്തിന് 'വ്യവസായ പ്രമുഖകരുടെ സംഗമം' (ഇൻഡസ്ട്രിയൽ ലീഡേഴ്സ് സമ്മിറ്റ്) എന്നാണ് നാമകരണം ചെയ്തിരുന്നത്.

(ബി) അതിൽ താഴെ പറയുന്ന വ്യവസായ പ്രമുഖകർ പങ്കെടുത്തു.

1. ലോഡ്. ഡോ.. സ്വരാജ് പോൾ, ചെയർമാൻ കപാരോ ഗ്രൂപ്പ്, ഇംഗ്ലണ്ട്.
2. ശ്രീ. അരുൺ ജയിൻ, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, പോളാരീസ്, ചെന്നൈ.
3. ശ്രീ. കെ. ജെ. ദേവസ്യ, പ്രസിഡന്റ്, മഹീന്ദ്രാ ആന്റ് മഹീന്ദ്ര, മുംബൈ
4. ശ്രീ. ആർ. പി. വെംകാ, ചെയർമാൻ, എൻ.ഇ.പി.സി. ലിമിറ്റഡ്, ചെന്നൈ.

ഇതിനു പുറമെ കേരളത്തിലെ പല വ്യവസായ പ്രമുഖകരും ഈ സമ്മിറ്റിൽ പങ്കെടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആകെ 7,65,139 രൂപ ചെലവായി.

(ഡി-ജി) ഈ സംഗമത്തിന്റെ തുടർച്ചയായി പല പുതിയ വ്യവസായ സംരംഭങ്ങളും കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള ശ്രമം നടന്നു വരുന്നു. ഫലം അറിയുവാനുള്ള സമയമായിട്ടില്ല.

നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ

7 (570) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വ്യവസായ ശാലകളിൽ തൊഴിൽ തർക്കം മൂലം 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ എത്ര തൊഴിൽദിനങ്ങൾ നഷ്ടമായി ;

(ബി) ഈ കാലഘട്ടത്തിൽ സമരംമൂലം എത്ര തൊഴിൽ ദിനങ്ങൾ നഷ്ടമായി ;

(സി) ലോക്കൗട്ടുമൂലം ഈ കാലത്ത് എത്ര തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു ?

ഉത്തരം

(എ) നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളുടെ കണക്ക് താഴെ ചേർത്തിരിക്കുന്നു.

1997-98	-	1178924 തൊഴിൽ ദിനങ്ങൾ
1998-99	-	1397621 "
1999-2000	-	2887110 "

(ബി) ഈ കാലഘട്ടത്തിൽ സമരം മൂലം 2373320 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) ലോക്കൗട്ടുമൂലം ഈ കാലത്ത് 1746659 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

8 (571) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗവൺമെന്റ് അധികാരമൊഴിയുമ്പോൾ സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും എത്ര എണ്ണം നഷ്ടത്തിലും പ്രവർത്തിച്ചു വരികയായിരുന്നുവെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly